ഉൽപ്പാദകർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇത്തരത്തിൽ മറ്റുസംസ്ഥാനങ്ങളിൽ വിപണനം തടഞ്ഞ യാതൊരു ഭക്ഷ്യോൽപന്നങ്ങളും സംസ്ഥാനത്ത് വിപണനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

രക്തപരിശോധനാ ലാബുകൾ

64 (2273) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ രക്തപരിശോധനാ ലാബുകൾക്കും അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ അംഗീകാരമുള്ളവ എത്ര ; അംഗീകാരമില്ലാത്തവ എത്ര ; വെളിപ്പെടുത്താമോ ;

(സി) സ്വകാര്യ ലാബുകൾ രോഗികളിൽനിന്ന് ഭീമമായ തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് നിയന്ത്രിക്കുന്നതിനും ഈ മേഖലയിലെ പരിശോധനാ ചാർജ്ജ് ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴിയാണ് സ്വകാര്യ രക്തപരിശോധനാ ലാബുകൾക്ക് ലൈസൻസ് നൽകുന്നത്.

(ബി) ഇതുസംബന്ധിച്ച വിവരം ആരോഗ്യവകുപ്പ് ശേഖരിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ നിയന്ത്രണം, ഫീസ് ഏകീകരണം, രജിസ്ട്രേഷൻ തുടങ്ങിയവയ്ക്കുവേണ്ടി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

അസിസ്റ്റന്റ് ഡെന്റൽ സർജന്മാരുടെ നിയമനം

65 (2274) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിലെ അസിസ്റ്റന്റ് ഡെന്റൽ സർജന്മാർക്ക് ഗവൺമെന്റ് ഡെന്റൽ കോളേജുകളിലേയ്ക്കുള്ള നിയമനം അനുവദനീയമാണോ ;

LIBRARY ARCHIVES Kerala Legislative Assembly